"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ്-മൈനിംഗ് & ജിയോളജി- അനധികൃത കരിങ്കല്ല് ഖനനത്തിന് തിരുവനന്തപുരം ജില്ലാ ജിയോളജിസ്റ്റ് ഡിമാന്റ് ചെയ്ത തുക ഗഡുക്കളായി ഒടുക്കുന്നതിന് ശ്രീ. G. സുദർശനൻ, മാനേജിംഗ് ഡയറക്ടർ, S.K Metal Crushers and Quarry Pvt Ltd, കുവളശ്ശേരി, മാറനല്ലൂർ പി.ഒ, തിരുവനന്തപുരം-ന് അനുമതി നൽകി ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.723/2025/ID തീയതി,തിരുവനന്തപുരം, 17-06-2025

---

പരാമർശം:-

1. കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ
2. 24.06.2024-ലെ മൈനിംഗ് & ജിയോളജി ഡയറക്ടറേറ്റിലെ ജിയോളജിസ്റ്റിന്റെ 198/2024-25/DMG/8936/2021-M1 നമ്പർ നടപടിക്രമം.
3. 02.01.2025-ലെ തിരുവനന്തപുരം ജില്ലാ സീനിയർ ജിയോളജിസ്റ്റിന്റെ DOTHI-DMG/519/2024-E നമ്പർ ഡിമാന്റ് നോട്ടീസ്
4. 10.01.2025-ലെ ശ്രീ. G. സുദർശനൻ, S.K Metal Crushers and Quarry Pvt Ltd, കുവളശ്ശേരി പി.ഒ, മാറനല്ലൂർ സമർപ്പിച്ച അപേക്ഷ
5. ബഹു. കേരള ഹൈക്കോടതിയിൽ ശ്രീ. G. സുദർശനൻ, മാനേജിംഗ് ഡയറക്ടർ, S.K Metal Crushers and Quarry Pvt Ltd ഫയൽ ചെയ്ത WP(C) No. 5064/2025 കേസിലെ 04.03.2025 തീയതിയിലെ വിധിന്യായം.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ മാറനല്ലൂർ വില്ലേജിൽ സർവ്വേ നം. 384/18pt, 348/19pt, 384/21, 384/22, 376pt, 384/4pt, 384/7, 384/33, 375pt, 377/12pt, 377/13pt, 382, 383/4, 383/16, 384/5, 384/20-ൽപ്പെട്ട 3.6994 ഹെക്ടർ സ്ഥലത്തുനിന്നും കരിങ്കല്ല് ഖനനത്തിന് ക്വാറിയിംഗ് ലീസ് അനുവദിച്ച സ്ഥലത്തുനിന്നും അനധികൃത ഖനനം നടത്തിയതിന് പരാമർശം(2) ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലാ സീനിയർ ജിയോളജിസ്റ്റ് ഡിമാന്റ് ചെയ്ത 3,45,14,160/- രൂപ ആറ് തുല്യ പ്രതിമാസ ഗഡുക്കളായി അടയ്ക്കുന്നതിനു അനുമതി നൽകണമെന്നും, ആറ് തുല്യ പ്രതിമാസ ഗഡുക്കളിൽ ആദ്യതവണ ഒടുക്കുമ്പോൾ തന്നെ തങ്ങൾക്കു ഖനന അനുമതി തരണമെന്നും പരാമർശം(3) പ്രകാരം ശ്രീ. G. സുദർശനൻ, S.K Metal Crushers and Quarry Pvt Ltd,

കുവളശ്ശേരി പി.ഒ, മാറനല്ലൂർ  പരാമർശം(4) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു.

2). ഇതേ വിഷയത്തിൽ ബഹു.കേരള ഹൈക്കോടതിയിൽ ശ്രീ. G. സുദർശനൻ ഫയൽ ചെയ്ത WP(C) No. 5064/2025 കേസിലെ പരാമർശം(5) വിധിന്യായത്തിൽ ഡിമാൻഡ് നോട്ടീസ് തുകയായ 3,45,14,160/- രൂപയിൽ 50 ലക്ഷം രൂപ അപേക്ഷകൻ ഒടുക്കിയിട്ടുണ്ടെന്ന് ബഹു. ഹൈക്കോടതിക്ക് ബോദ്ധ്യപ്പെട്ടതിനാൽ ബാക്കി തുക 6 തുല്യ ഗഡുക്കളായി അടവാക്കുന്നതിന് അനുമതി നൽകണമെന്ന് ഒന്നാം എതിർകക്ഷിയായ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്കും, ആദ്യ ഗഡു തുക ഒടുക്കുന്ന മുറക്ക് മൂവ്മെന്റ് പാസ്സ് അനുവദിക്കണമെന്ന് ജില്ലാ ജിയോളജിസ്റ്റിനും നിർദേശം നൽകി ഉത്തരവായിരുന്നു.

3).സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു. ഹൈക്കാടതിയുടെ പരാമർശം(5) വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം(3) ഡിമാന്റ് നോട്ടീസ് തുകയായ 3,45,14,160/- രൂപയിൽ ശ്രീ. സുദർശനൻ അടവാക്കിയ 50 ലക്ഷം രൂപ കിഴിച്ചു ബാക്കി തുകയായ 2,95,14,160/- രൂപ 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ, ചട്ടം 115 പ്രകാരം 6 തുല്യ മാസ ഗഡുക്കളായി അടയ്ക്കുന്നതിന്,മാസഗഡു അടയ്ക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള വീഴ്ച വരുത്തിയാൽ പിന്നീട് ഗഡുക്കളായി അടയ്ക്കുന്നതിനുള്ള അവസരത്തിന് അർഹതയുണ്ടാകില്ലെന്ന വ്യവസ്ഥയിൽ ശ്രീ.ജി.സുദർശൻ, എസ്.കെ മെറ്റൽ ക്രഷേർസ് & ക്വാറി പ്രൈവറ്റ് ലിമിറ്റഡ്-നു അനുമതി നൽകിയും, ആദ്യ ഗഡു ഒടുക്കുന്ന മുറക്ക് മറ്റ് തരത്തിൽ യോഗ്യമാണെങ്കിൽ മൂവ്മെന്റ് പാസ്സ് അനുവദിക്കുന്നതിന് തിരുവനന്തപുരം ജില്ലാ ജിയോളജിസ്റ്റിന് അനുമതി നൽകിയും, അപ്രകാരം ബഹു. കേരള ഹൈക്കോടതിയുടെ പരാമർശം(5) വിധിന്യായം നടപ്പിൽ വരുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
അഡിഷണൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം)
ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം
ജില്ലാ ജിയോളജിസ്റ്റ്, തിരുവനന്തപുരം
ശ്രീ. G. സുദർശനൻ, മാനേജിംഗ് ഡയറക്ടർ, S.K Metal Crushers and Quarry Pvt Ltd, സുർജിത് ഭവൻ, കുവളശ്ശേരി പി.ഒ, മാറനല്ലൂർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sachin V R
Date: 17-06-2025 12:05:04
സെക്ഷൻ ഓഫീസർ